പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 560 07/07/2014- ൽ മറുപടിക്ക്

## വിവിധ മൃഗസംരക്ഷണ പദ്ധതികളുടെ അവലോകനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ സുരേഷ് കുറുപ്പ്:<br>ശ്രീ. എം.എ. ബേബി :<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ. കെ. ദാസൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ നാളിതുവരെ വിവിധ ബജറ്റുകൾ വഴിയും അല്ലാതെയും മൃഗസംരക്ഷണത്തിനായി പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവയെക്കുറിച്ച് വിശദമാക്കാമോ; | എ) ഭൂരിപക്ഷം പദ്ധതികളും തുടർ പദ്ധതികളാണ്. ഇവ അതത് സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ചില പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കാത്തതുമൂലം തനത് സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട കർഷക രജിസ്ട്രേഷന് ടോക്കൺ പ്രോവിഷനായി 1000/- രൂപ ലഭിച്ചുവെങ്കിലും മേൽഘടകം ഊർജ്ജിത കന്നുകാലി വികസന പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കുകയുണ്ടായി. 2013-14 ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന ഗോവർദ്ധിനി പദ്ധതിയ്ക്കായി 1000/- രൂപ ടോക്കൺ |

| | | | |
|---|---|---|---|
| | | | പ്രോവിഷനായി അനുവദിച്ചുവെങ്കിലും ആർ.കെ.വി.വൈ പദ്ധതിയിൽ നിന്നും തുക ലഭിക്കാത്തതുമൂലം നടപ്പിലാക്കുവാൻ സാധിച്ചില്ല. എന്നാൽ 2014 - 15 ലെ സാമ്പത്തിക വർഷം 24 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| ബി) | പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ അവശേഷിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ബി) | പദ്ധതികളുടെ നടത്തിപ്പ് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അവലോകനം ചെയ്യാറുണ്ട്. പൂർത്തീകരിക്കാനുള്ള പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ ജില്ലാതല ഓഫീസർമാർക്ക് നൽകി മോണിറ്ററിംഗ് നടത്തുന്നുണ്ട്. |
| സി) | നടപ്പിലാക്കിയ പദ്ധതികളിൽ തന്നെ ഇപ്പോഴും പൂർണ്ണമായിട്ടില്ലാത്തവയുണ്ടെന്നറിയാമോ; ഇവ പൂർത്തീകരിക്കുമോ? | സി) | അറിവുള്ളതാണ്. ഇവ പൂർത്തീകരിക്കുന്നതിന് ദ്രുതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ